## 919

### "Free from the Law"

1 ക്രിസ്തുവിലില്ല ന്യായപ്രമാണം ക്രൂശിന്മേൽ വന്നതിന്നവസാനം
നമ്മുടെ പാപം വഹിച്ചുതാൻ നമ്മുടെ ശാപം സഹിച്ചുതാൻ
ഏകയാഗത്താൽ വന്നു രക്ഷ ഏകയാഗത്താൽ തീർന്നു ശിക്ഷ
ക്രൂശിക്കപ്പെട്ട മദ്ധ്യസ്ഥനാം യേശുവിൽ വന്നു പുത്രത്വം-

2 ദൈവത്തിൻ മക്കൾ മധുരനാമം പുത്രനിൽ വന്നീ സ്വർഗ്ഗീയസ്ഥാനം
ദത്തിനാലല്ല ജനനത്താൽ മേലിൽനിന്നുള്ള ശക്തിയാൽ-

3 എവിടെയുണ്ടോ അക്ഷവാഴ്ച അവിടെയുണ്ടു ജഡത്തിൻ താഴ്ച
നന്മയെ ചെയ്‌വാൻ ആഗ്രഹിക്കും തിന്മയത്രേ നിവർത്തിക്കും-

4 ന്യായപ്രമാണത്തിന്നു മരിച്ചു ഉയിർത്ത യേശുവിനെ ധരിച്ചു
പരിശുദ്ധാത്മാവിൽ ജീവിപ്പാൻ വിളിച്ചു നമ്മെ ദൈവം താൻ-

5 മോശെയിൻ സേവ അയ്യോ! പ്രയാസം യേശുവിൻസേവ എന്തൊരുല്ലാസം
ജഡം ആത്മാവിൻമേൽ ഭരണം ചെയ്യാത്ത ദിവ്യസ്വാതന്ത്ര്യം

6 രക്ഷയ്ക്കായ് പ്രവർത്തിക്കയെന്നല്ല രക്ഷ സമ്മാനിച്ചത്രേ തൻ നല്ല
ഹിതം ചെയ്യുന്നുള്ളിൽ ദൈവം താൻ ഇതിൽ നിൽക്കുന്നോൻ ഭാഗ്യവാൻ

7 പ്രവർത്തിക്കുന്നോൻ ആയതു ദൈവം
നിവർത്തിക്കുന്നോൻ ആയതും ദൈവം
സർവ്വരിൽ സർവ്വം തൻ നിർമ്മിതം സർവ്വവും തൻ കൃപാവരം- V.N.